## പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1613** **06.03.2017 ൽ മറുപടിയ്ക്ക്**

### വരൾച്ച നേരിടാൻ ആവിഷ്ക്കരിച്ച പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ. ഷംസീർ | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ശുദ്ധജല വിതരണമല്ലാതെ എന്തെല്ലാം നടപടികളാണ് വരൾച്ച നേരിടാൻ തദ്ദേശസ്വയംഭരണ വകുപ്പ് ആവിഷ്കരിച്ചത്; | (എ) | ജലദുരുപയോഗം ഇല്ലാതാക്കുക, പുനരുപയോഗത്തിന് ഊന്നൽ നൽകുക, ജലം പാഴാക്കാതിരിക്കുക, ലഭ്യമാകുന്ന മഴ പൂർണ്ണമായും ഭൂമിയിൽ ആഴ്ന്നിറങ്ങുവാൻ വേണ്ടി ഭൂമി സജ്ജമാക്കുക എന്നീ സന്ദേശങ്ങൾ ഉൾപ്പെടുത്തി വ്യാപകമായ പ്രചാരണം പ്രാദേശികമായി നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുകയും, ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങൾ, കിണറുകൾ, തോടുകൾ, കനാലുകൾ എന്നിവ ചെളിമാറ്റി ആഴം കൂട്ടി ശുചീകരിക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കുഴികൾ, തടയണകൾ, മഴവെള്ള സംഭരണികൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കിണർ റീച്ചാർജ്ജിംഗും വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ മുൻകരുതലായി ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | വരൾച്ച നേരിടാൻ ആവിഷ്കരിച്ച കർമ്മ പദ്ധതിക്ക് എത്ര കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കുന്നു; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | വരൾച്ചാ ദുരിതാശ്വാസ പദ്ധതികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ? | (സി) | വരൾച്ചയുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പ്രാദേശികമായി വ്യാപക പ്രചാരണ പരിപാടി സംഘടിപ്പിക്കുകയും ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പ്രാദേശിക സന്നദ്ധ സംഘടനകളുടെയും ക്ലബ്ബുകളുടെയും സേവനം വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ